സ്മാർട്ട് മീറ്ററും ടോട്ടക്സും

ആശങ്കകളും യാഥാർത്ഥ്യങ്ങളും

കെ.എസ്.ഇ.ബി. എൻജിനീയേർസ് അസ്സോസിയേഷൻ

സ്മാർട്ട് മീറ്ററും ടോട്ടക്സും

ആശങ്കകളും യാഥാർത്ഥ്യങ്ങളും

ആമുഖം

കേരളത്തിലെ വൈദ്യുതി ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്റർ സ്ഥാപിക്കുവാനായി കേന്ദ്രാവിഷ്കൃതപദ്ധതിയായ RDSS-ൽ കെ.എസ്.ഇ.ബി.എൽ ന് അനുമതി ലഭിച്ചിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് ജീവനക്കാരുടെ ഇടയിലും പൊതുജനങ്ങൾക്കിടയിലും ധാരാളം ആശങ്കകൾ നിലനില്ക്കുന്നു. ഈ ആശങ്കകളെ ദൂരീകരിക്കാനുള്ള എളിയ ശ്രമമെന്ന നിലയിലാണ് **കെ.എസ്.ഇ.ബി. എഞ്ചിനീയേഴ്സ് അസോസിയേഷൻ** ഈ ലഘുലേഖ പ്രസിദ്ധീകരിക്കുന്നത്.

പ്രസിഡന്റ് **ജനറൽ സെക്രട്ടറി**

കെ.എസ്.ഇ.ബി.
എഞ്ചിനീയേഴ്സ് അസോസിയേഷൻ

1. എന്താണ് KSEBL ന്റെ സ്മാർട്ട് മീറ്റർ പദ്ധതി?

ഊർജ്ജം അളക്കുന്ന ഒരു ഉപകരണമാണ് എനർജി മീറ്റർ. കാലാകാലങ്ങളായി ഇലക്ട്രിസിറ്റി മീറ്ററിൽ സാങ്കേതികമായ പല മാറ്റങ്ങളും വന്നു കൊണ്ടിരിക്കുന്നു. അതിൽ ഏറ്റവും പുതിയതും കാലാനുസൃതമായ പരിഷ്ക്കാരമാണ് സ്മാർട്ട് മീറ്റർ. രാജ്യത്തെ എല്ലാ വൈദ്യുതി മീറ്ററുകളും 2025-നോടു കൂടി സ്മാർട്ട് മീറ്റർ ആക്കണമെന്ന് കേന്ദ്ര സർക്കാർ നിയമം പാസ്സാക്കിയിരിക്കുകയാണ്. അതിനാൽ ഇലക്ട്രിസിറ്റി ആക്ട് 2003 പ്രകാരം കേരളത്തിൽ വൈദ്യുതി വിതരണം നടത്തുന്ന ലൈസൻസിയായ KSEBL നു 2025-നുള്ളിൽ മുഴുവൻ വൈദ്യുതി മീറ്ററുകളും സ്മാർട്ട് മീറ്റർ ആക്കേണ്ടതായുണ്ട്. നിലവിൽ സ്മാർട്ട് മീറ്റർ സ്ഥാപിക്കുവാൻ കേന്ദ്ര പദ്ധതിയായ RDSS-ൽ 15% ഗ്രാന്റ് ലഭ്യമാണ്. ഈ ഗ്രാന്റ് ഉപയോഗിച്ച് കേരളത്തിലെ മുഴുവൻ വൈദ്യുതി മീറ്ററുകളും സ്മാർട്ട് മീറ്റർ ആക്കുവാനാണ് KSEBL ന്റെ സ്മാർട്ട് മീറ്റർ പദ്ധതി ഉദ്ദേശിക്കുന്നത്.

2. എന്താണ് സ്മാർട്ട് മീറ്റർ?

സാധാരണ വൈദ്യുതി മീറ്ററിൽ വൈദ്യുതി അളക്കുന്ന ജോലി മാത്രമേ ഉള്ളൂ. എന്നാൽ സ്മാർട്ട് മീറ്ററിൽ വൈദ്യുതി അളക്കുന്ന തിനോടൊപ്പം വൈദ്യുതിയെ നിയന്ത്രിക്കുന്നതിനുള്ള സംവിധാനം കൂടെയുണ്ട്. അതായത് വൈദ്യുതിയുടെ ഒഴുക്ക് തടയുവാനും, പുനഃസ്ഥാപിക്കുവാനും പറ്റും. അത് കൂടാതെ മീറ്ററിലേക്കു സെർവ റിൽ നിന്നും നിർദ്ദേശങ്ങൾ കൊടുത്തു മീറ്ററിന്റെ വ്യത്യസ്തമായ വൈദ്യുതി പരാമീറ്ററുകൾ അറിയുവാനും, ആവശ്യകത അനുസരിച്ച് നിയന്ത്രിക്കുവാനും, മീറ്ററിൽ നിന്നും വിവരങ്ങൾ ശേഖരിക്കുവാനും സാധിക്കും. മൊബൈൽ ഫോൺ റീചാർജ് ചെയ്യുന്നത് പോലെ മീറ്ററിലേക്കു പൈസ ചാർജ് ചെയ്തു വൈദ്യുതി ഉപയോഗിക്കുവാൻ സാധിക്കും. ചുരുക്കം പറഞ്ഞാൽ ഇപ്പോഴുള്ള വൈദ്യുതി മീറ്ററിൽ നിന്നും വളരെ ഏറെ സാങ്കേതികമായ മാറ്റങ്ങൾ ഉള്ള ഇലക്ട്രിസിറ്റി മീറ്റർ ആണ് സ്മാർട്ട് മീറ്റർ .പുതിയ മീറ്ററുകളിലുള്ള വിവിധ വിവരങ്ങൾ വരുംകാല വിതരണ മേഖലയെ ഫലപ്രദമായും, മികവുറ്റതായും പ്രവർത്തിപ്പിക്കാൻ ഉതകുന്നതാണ്.

3. AMI (Advanced Metering Infrastructure) എന്നാൽ എന്താണ്?

AMI മീറ്റർ എന്നാൽ അഡ്വാൻസ്ഡ് മീറ്ററിംഗ് ഇൻഫ്രാസ്ട്രക്ചർ (Advanced Metering Infrastructure) എന്നാണ്. സ്മാർട്ട് മീറ്റർ പദ്ധതി പ്രാവർത്തികമാക്കാൻ സ്മാർട്ട് മീറ്റർ സ്ഥാപിച്ചാൽ മാത്രം പോരാ, അതിനു പുറമേ അനുബന്ധ ആശയവിനിമയ ശൃംഖലയും സെർവർ പ്രോഗ്രാമുകൾ കൂടി വേണം. എന്നാൽ മാത്രമേ നമുക്ക് ഡാറ്റ സെന്ററിൽ നിന്നും മീറ്ററുകളിലേക്കു വിവിധ സിഗ്നലുകൾ അയയ്ക്കുവാനും, മീറ്ററിനെ നിയന്ത്രിക്കുവാനും, മീറ്ററിൽ നിന്നുമുള്ള വിവരങ്ങൾ ശേഖരിക്കുവാനും സാധിക്കുകയുള്ളൂ. ഇവിടെ ഇരു ദിശയിലേക്കുമുള്ള ആശയവിനിമയം സാധ്യമാകുന്നു. അപ്പോൾ മീറ്ററും അതുമായി ബന്ധപെട്ട ആശയവിനിമയ ശൃംഖലയും മറ്റു സോഫ്റ്റ് വെയറുകളും (ബാക്എൻഡ് സോഫ്റ്റ്‌വെയർ & ഹാർഡ്‌വെയർ) ഉൾപ്പെടുന്നതാണ് Advanced Metering Infrastructure അഥവാ AMI.

4. സ്മാർട്ട് മീറ്റർ AMI പദ്ധതിയുടെ ആവശ്യകത എന്താണ്?

ഏറ്റവും പ്രധാന ആവശ്യമെന്നത് നമ്മുടെ സ്ഥാപനത്തിന്റെ പ്രസരണ വിതരണ നഷ്ടം കുറയ്ക്കുക എന്നതാണ്. വൈദ്യുതി ഉത്പാദനവും പ്രസരണവും നടത്തി ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുമ്പോൾ ഒരുപാട് ഊർജ നഷ്ടം സംഭവിക്കുന്നുണ്ട്. എന്നാൽ ഏതു ഘട്ടത്തിലാണ് ഊർജ്ജ നഷ്ടം സംഭവിക്കുന്നത് എന്ന് അറിയുവാൻ നിലവിൽ മാർഗമില്ല, പ്രത്യേകിച്ച് വിതരണ ട്രാൻസ്ഫോർമറുകൾക്ക് ശേഷം നെറ്റ്‌വർക്കിൽ എവിടെയാണ് നഷ്ടമെന്നുള്ളത് കൃത്യമായി അറിയാൻ സാധിക്കുന്നില്ല. പ്രസ്തുത സ്മാർട്ട് മീറ്റർ പദ്ധതിയിൽ വൈദ്യുതിയുടെ സമസ്ത മേഖലകളിലും, അതായത് വൈദ്യുതി സബ് സ്റ്റേഷനുകളിലും, വിതരണമേഖലയിൽ ട്രാൻസ്ഫോർമർ സ്റ്റേഷനുകളിലും, കൂടാതെ ഉപഭോക്താവിനും സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതുവഴി വൈദ്യുതിയുടെ എല്ലാ മേഖലകളിലെയും ഊർജ നഷ്ടം ഉൾപ്പെടെയുള്ള വിവരങ്ങൾ ഡാറ്റ സെൻററുകളിൽ ലഭ്യമാകും. ഊർജ നഷ്ടം എവിടെയാണ് ഉണ്ടാകുന്നത് എന്നറിയുക മാത്രമല്ല നമ്മുടെ സ്ഥാപനത്തിന്റെ ആസൂത്രണ പ്രക്രിയ കൃത്യമായി അവലോകനം ചെയ്യുവാൻ ഇത് മൂലം സാധിക്കും. പ്രസരണ വിതരണ മേഖലകളിലെ ഊർജ നഷ്ടം കുറയ്ക്കുവാനും, എവിടെയൊക്കെ എത്ര കാലയളവിൽ വൈദ്യുതി തടസ്സപ്പെടുന്നു എന്നുള്ളതിന്റെ കൃത്യമായ കണക്കു ലഭിക്കുകയും ചെയ്യുന്നു. നിലവിൽ KSEBL നു കിട്ടാനുള്ള

കുടിശ്ശികയിൽ ഭൂരിഭാഗവും സർക്കാർ ഓഫീസുകളുടേതാണ്. പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതോടു കൂടി ഈ സ്ഥാപനങ്ങളിൽ നിന്നുമുള്ള വൈദ്യുതിതുക നമുക്ക് മുൻകൂറായി ലഭിക്കുന്നു. നിലവിൽ വൈദ്യുതി ഉപഭോഗം കഴിഞ്ഞു 60 ദിവസത്തിന് ശേഷമാണ് ഉപഭോക്താവിന് ബില്ല് കൊടുക്കുന്നത്. ഈ ബില്ല് തുക അടയ്ക്കുവാൻ ഉപഭോക്താവിന് സമയവും നൽകുന്നുണ്ട്.അതായത് വൈദ്യുതി ഉപയോഗം കഴിഞ്ഞു ഏകദേശം 75 ദിവസങ്ങൾക്കു ശേഷമാണ് KSEBL നു ഉപഭോക്താവുപയോഗിച്ച വൈദ്യുതിയുടെ വരുമാനം കിട്ടുകയുള്ളൂ. എന്നാൽ സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന തോടുകൂടി വൈദ്യുതി ചാർജ് മുൻകൂറായി KSEBL നു കിട്ടുന്ന സാഹചര്യം സംജാതമാകും.

5. AMI സ്മാർട്ട് മീറ്റർ പദ്ധതിയുടെ സാമ്പത്തിക വശം എങ്ങനെയാണ്?

പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ പദ്ധതി KSEBL-ൽ രണ്ടു ഘട്ടങ്ങളിലായാണ് നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നത്. ആദ്യ ഘട്ടത്തിൽ ഉയർന്ന വരുമാനമുള്ള 14 ഇലക്ട്രിക്കൽ ഡിവിഷനു കളിലുള്ള മുഴുവൻ ഉപഭോക്താക്കൾക്കും (HT മീറ്റർ & LT മീറ്റർ) സിസ്റ്റം മീറ്ററുകളും (ഫീഡർ മീറ്റർ, ബോർഡർ മീറ്റർ & ട്രാൻസ്ഫോർമർ മീറ്റർ) ഉൾപ്പെടെ 37 ലക്ഷം മീറ്ററുകളാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. രണ്ടാം ഘട്ടത്തിൽ ബാക്കിയുള്ള മുഴുവൻ ഉപഭോക്താക്കൾക്കും (ഏകദേശം ഒരു കോടി) സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഈ പദ്ധതിയുടെ ആകെ തുക ഏകദേശം 8,200 കോടി രൂപയാണ്. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ഗ്രാന്റ് തുക കിട്ടണമെങ്കിൽ സമയ ബന്ധിതമായി പദ്ധതി നടപ്പാക്കേണ്ടതുണ്ട്. ആദ്യ ഘട്ടം 2023 ഡിസംബർ 31 നു മുൻപും രണ്ടാം ഘട്ടം 2025 ഡിസംബർ 31 നു മുൻപും പൂർത്തിയാക്കണം. ആദ്യ ഘട്ടത്തിലെ എല്ലാ വൈദ്യുതി ഉപഭോക്താക്കൾക്കും 2023 ഡിസംബർ 31 നകം സ്മാർട്ട് മീറ്റർ സ്ഥാപിക്കുകയാണെങ്കിൽ 163 കോടി രൂപ (7.5 ശതമാനം) അധിക ഗ്രാന്റ് കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതാണ്.

6. AMI സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കുന്നത് കൊണ്ട് ഉപഭോക്താക്കൾക്കുണ്ടാകുന്ന ഗുണങ്ങൾ എന്തെല്ലാമാണ്?

- സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കുന്നതുമൂലം പ്രസരണ വിതരണ നഷ്ടം കുറയ്ക്കുവാനും പവർ പർച്ചേസ് ആവശ്യത്തി

നനുസരിച്ചു പുനഃക്രമീകരിക്കുവാനും വിതരണമേഖലയുടെ പണികൾ കൃത്യമായി മനസിലാക്കി നടപ്പിലാക്കുവാനും കഴിയുന്നതുവഴി കെ. എസ്.ഇ.ബി. ക്ക് ഉണ്ടാകുന്ന നേട്ടത്തിന്റെ വിഹിതം ഉപഭോക്താക്കൾക്കും കാലക്രമേണ ലഭിക്കുന്നതാണ്.

- പദ്ധതി വഴി ഓരോ ഉപഭോക്താവിനും കെ.എസ്.ഇ.ബി.എൽ നൽകുന്ന സേവനങ്ങൾക്ക് സുതാര്യതയും കാര്യക്ഷമതയും ഉണ്ടാവുന്നതിനും, പൊതുജനങ്ങൾക്കിടയിൽ സ്ഥാപനത്തി ന്മേൽ ബില്ലിംഗ് സംബന്ധമായി ഇപ്പോൾ നിലനിൽക്കുന്ന എല്ലാ തെറ്റിദ്ധാരണകളും മാറ്റുന്നതിനും സ്ഥാപനത്തിന്റെ വിശ്വാസ്യത വർദ്ധിക്കുന്നതിനും കാരണമാകും.

- വൈദ്യുതി ഉപഭോക്താക്കൾക്ക് മൊബൈൽ ആപ്ലിക്കേഷൻ വഴി തങ്ങളുടെ ഊർജ ഉപഭോഗം സ്വയം മനസ്സിലാക്കുവാനും അതുവഴി വൈദ്യുതി ഉപഭോഗം ക്രമീകരിക്കുവാനും അങ്ങനെ വൈദ്യുതി ചാർജ് കുറയ്ക്കുവാനുമുള്ള അവസരം ലഭ്യമാണ്.

- നിലവിൽ രണ്ടു മാസത്തിലൊരിക്കൽ ബില്ലിംഗ് നടത്തുന്നത് മാറ്റി മാസത്തിലൊരിക്കൽ ബില്ല് ചെയ്യണമെന്ന ഉപഭോക്താക്കളുടെ നിരന്തര ആവശ്യം, സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിലൂടെ സാധ്യമാകും, മാത്രമല്ല ഡോർലോക്ക് ബില്ലിംഗ് മൂലമുള്ള തർക്കങ്ങളും ഇതിലൂടെ ഒഴിവാക്കാൻ സാധിക്കും.

- വൈദ്യുതി തടസ്സങ്ങൾ തൽസമയം തന്നെ സ്മാർട്ട് മീറ്റർ വഴി അറിയാൻ പറ്റുന്നത് കൊണ്ട് വൈദ്യുതി പുനഃസ്ഥാപനത്തിനുള്ള നടപടികൾ വേഗം കൈക്കൊള്ളാൻ കെ. എസ്. ഇ. ബി. എൽ. നു കഴിയും. ഇപ്രകാരം സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതോടു കൂടി വൈദ്യുതി വിതരണ രംഗത്ത് ഉയർന്ന കാര്യക്ഷമത ഉറപ്പു വരുത്തി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാകുന്നതാണ്.

- വൈദ്യുതി കുടിശ്ശിക കാരണം ഏതെങ്കിലും ഉപഭോക്താവിന് വൈദ്യുതി വിച്ഛേദിക്കപ്പെട്ടാൽ, ഉപഭോക്താവിന് ഏതു നിമിഷവും ചാർജ് അടച്ചു വൈദ്യുതി പുനഃസ്ഥാപിക്കുവാൻ സാധിക്കും.

- കൂടാതെ കേന്ദ്ര സർക്കാർ വിഭാവനം ചെയ്യുന്ന പദ്ധതികളും, ധന സഹായവും, സബ്സിഡിയും മറ്റു ആനുകൂല്യങ്ങളും നേടിയെടുക്കുന്നതിനും ഇത് അത്യന്താപേക്ഷിതമാണ്. ഈ പദ്ധതി നടപ്പിലാക്കുന്നത് വഴി റവന്യു എത്രയും പെട്ടെന്നു ലഭിക്കുന്നതിനും, വിവിധയിന ചിലവുകൾ കുറയ്ക്കുന്നതിനും,

കിട്ടാക്കടം ഒഴിവാക്കുന്നതിനും സാധിക്കും. ഇത്തരത്തിൽ ലാഭിക്കുന്ന ചിലവുകളുടെ ആനുകൂല്യം ഉപഭോക്താക്കൾക്ക് താരിഫിനത്തിൽ ലഭ്യമാക്കുവാൻ സാധിക്കും.

- പീക്ക് സമയം ഉപഭോഗം ക്രമീകരിക്കുവാനുള്ള വലിയ സാധ്യതകളാണ് സ്മാർട്ട് മീറ്റർ തുറക്കുന്നത് .

7. AMI സ്മാർട്ട് മീറ്റർ പദ്ധതി നടപ്പാക്കുന്നത് കൊണ്ട് KSEBL നുണ്ടാകുന്ന ഗുണങ്ങൾ എന്തെല്ലാമാണ്?

സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നത് വഴി കൃത്യമായ എനർജി ഓഡിറ്റ് നടത്തുവാനും, ഊർജ്ജ നഷ്ടം കണ്ടെത്തുവാനും, അത് കാര്യക്ഷമമായി കുറയ്ക്കുവാനുള്ള നടപടികൾ കൃത്യമായി കൈക്കൊള്ളാനും സ്മാർട്ട് മീറ്ററുകൾ നൽകുന്ന ഡാറ്റ സഹായിക്കും. സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നത് വഴി ഒരു പ്രദേശത്തെ വൈദ്യുതി തടസ്സം തത്സമയം തന്നെ കൃത്യമായി ഏത് ഫീഡർ / ട്രാൻസ്ഫോർമർ/ ഫേസ് എന്ന് മനസ്സിലാക്കി, വൈദ്യുതി പുനഃസ്ഥാപിക്കുവാൻ കഴിയും. വൈദ്യുതി തടസ്സങ്ങൾ തൽസമയം അറിയാൻ സാധിക്കുന്നതു വഴി വൈദ്യുതി പുനഃസ്ഥാപന നടപടികൾ വേഗത്തിലാകുകയും ചെയ്യും.

റവന്യു മുൻകൂർ ലഭിക്കുന്നതിനും, മീറ്ററിംഗ്, ബില്ലിങ്ങ് ക്രമങ്ങളിലുള്ള വിവിധയിന ചിലവുകൾ കുറയ്ക്കുന്നതിനും, കിട്ടാക്കടം ഒഴിവാക്കുന്നതിനും സാധിക്കും. ഇത്തരത്തിൽ ലാഭിക്കുന്ന ചിലവുകളുടെ ആനുകൂല്യം ഉപഭോക്താക്കൾക്ക് താരിഫിനത്തിൽ ലഭ്യമാക്കാം.. കൂടാതെ റിമോട്ട് ആയി ഡിസ്കണക്ഷൻ / റീകണക്ഷൻ ചെയ്യുവാൻ സാധിക്കും. സ്മാർട്ട് മീറ്ററിൽ നിന്നുള്ള വിവരങ്ങൾ കേന്ദ്രീക്രിതമായ ഒരു സംവിധാനത്തിൽ എത്തുമ്പോൾ സംസ്ഥാനം മുഴുവനുമുള്ള വൈദ്യുതി ശൃംഖലയുടെ പരിപാലനവും ആസൂത്രണവും കൃത്യമായി ചെയ്യാൻ സ്ഥാപനത്തിനു കഴിയുകയും അതുവഴി പാഴ്ചിലവുകൾ ഒഴിവാക്കുവാൻ സാധിക്കും. കൃത്യമായ ഊർജ്ജ ഉപഭോഗം സംസ്ഥാനം ഒട്ടാകെ സ്ഥലം തിരിച്ച് ലഭിക്കുന്നതിനാൽ പവർ വാങ്ങുന്നതിൽ പോലും കൃത്യമായ ഇടപെടൽ നടത്താൻ സാധിക്കുകയും, അതുവഴി ചിലവുകൾ കുറയ്ക്കാവുന്ന ഗുണകരമായിട്ടുള്ള ടൈം ഓഫ് ഡേ താരിഫ് (ഉപഭോഗ സമയം അനുസരിച്ച് വൈദ്യുതി ചാർജുകൾ തീരുമാനിക്കുന്ന രീതി) നടപ്പാക്കണമെങ്കിൽ ഈ സംവിധാനത്തിലൂടെ മാത്രമേ സാധിക്കുകയുള്ളൂ.

വൈദ്യുതിമേഖല ഒരു മാറ്റത്തിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നു. 3000 MW വൈദ്യുതി എങ്കിലും 2027- നോടു കൂടി പുനരുപ

യോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്നും ലഭ്യമാക്കാൻ **KSEBL** ലക്ഷ്യമിടുന്നു. 2030 ആകുമ്പോഴേക്കും ഇത് മൊത്തം വൈദ്യുതിയുടെ 50 ശതമാനം ആകാനുള്ള സാധ്യത നിലനിൽക്കുന്നു. ഇത്തരം പുനരുപയോഗ ഊർജ്ജസ്രോതസ്സുകൾ അധികമായി വൈദ്യുതി ശ്രംഖലയിലേക്ക് എത്തുമ്പോൾ സിസ്റ്റത്തിലുണ്ടാകുന്ന വ്യതിയാനങ്ങൾ ശരിയായ രീതിയിൽ വിശകലനം ചെയ്യുന്നതിന് വളരെയധികം വിവരങ്ങൾ (ഡാറ്റാ) ആവശ്യമാണ്. കൂടാതെ വൈദ്യുതി വാഹനങ്ങളുടെ വ്യാപനം/ ഉപയോഗം ഗണ്യമായി വർദ്ധിക്കുവാൻ സാധ്യതയുണ്ട്. ഓരോ ട്രാൻസ്ഫോർമറിന്റെയും ഉപഭോക്താവിന്റെയും ഓരോ 5 മിനിറ്റിലേയും ഉപയോഗവിവരം ആവശ്യമായി വരും.

KSEBL നെ സംബന്ധിച്ചിടത്തോളം ഇത്തരം വിവരശേഖരണം എത്രയും പെട്ടെന്ന് ലഭ്യമാക്കേണ്ടത് ആവശ്യമാണ്. 60 ശതമാനത്തിനുമുകളിൽ വൈദ്യുതിയുടെ ആവശ്യകത കേരളത്തിനു പുറത്തുനിന്നും നിറവേറ്റപ്പെടുമ്പോൾ ഇതിൽ ഓരോ മണിക്കൂറിലുമുള്ള ഉപഭോഗം കൃത്യമായി കണക്കാക്കാനുള്ള സാങ്കേതികത നടപ്പിലാക്കിയാൽ മാത്രമേ അത്രയധികം കൃത്യതയോടെ വൈദ്യുതി വാങ്ങൽ ആസൂത്രണം ചെയ്യാൻ സാധിക്കുകയുള്ളൂ.

8. AMI സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലായാൽ നിലവിലുള്ള ജീവനക്കാർക്ക് ജോലി നഷ്ടമാകും എന്ന ആശങ്ക വസ്തുതാപരമാണോ ?

സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതോടു കൂടി സെക്ഷൻ ഓഫീസുകളിലെ റവന്യൂ വിങ്, മീറ്റർ റീഡർമാർ, അനുബന്ധ ഓഫീസുകളിലെ ജീവനക്കാർക്ക് ജോലി നഷ്ടപ്പെടും എന്ന് പറയുന്നത് ശരിയല്ല . പുതിയ ടെക്നോളജിയുടെ വരവോടു കൂടി പഴയ പല ജോലികളും മാറി പുതിയ പല ജോലികളും സൃഷ്ടിക്കപെടുന്നതായാണ് കമ്പ്യൂട്ടറിന്റെ വരവോടു കൂടി നമ്മൾ പഠിച്ചത്. കമ്പ്യൂട്ടർ വന്നാൽ ജോലി നഷ്ടപ്പെടുമെന്ന ഭയാശങ്ക പറഞ്ഞു പരത്തിയവർക്കു കാലം കൊടുത്ത മറുപടി മുൻപുണ്ടായിരുന്നതിൽ നിന്നും പുതിയ തൊഴിൽമേഖലകൾ സൃഷ്ടിച്ചുകൊണ്ടായിരുന്നു. നിലവിലുള്ള മീറ്റർ റീഡിങ്, ബിൽ തയ്യാറാക്കൽ, ബിൽ അപ്പ്രൂവൽ, DC/RC എന്നീ ജോലി സാധ്യതകൾ ഇല്ലാതാവുമെങ്കിലും സ്മാർട്ട് മീറ്റർ സ്ഥാപിക്കൽ, അതിന്റെ ആശയവിനിമയ ശൃംഖല പരിപാലനം,

സെർവർ, ഡാറ്റ സെൻറ്റർ, അനുബന്ധ സോഫ്റ്റ് വെയറുകൾ (HES, MDMS, DATA Integration) എന്നീ മേഖലകളിലെ ജോലി സാധ്യതകൾ വളരെയധികം വർദ്ധിക്കുന്നതാണ്. കൂടാതെ ഡാറ്റ സെന്ററിൽ ലഭ്യമാകുന്ന മീറ്റർ ഡാറ്റ വിശകലനം ചെയ്തു അപാകതകൾ കണ്ടെത്തുവാനും വൈദ്യുതി ദുരുപയോഗം, മോഷണം എന്നിവ തടയുവാനും റവന്യൂ വിഭാഗത്തിന്റെ സേവനം ആവശ്യമായി വരും. ഇതിനെല്ലാം തന്നെ ജീവനക്കാരുടെ നിസ്തൂലമായ സേവനം അനിവാര്യമാണ്. ഇപ്പോഴുള്ള മീറ്റർ റീഡർമാർ, കരാർ ജീവനക്കാർ എന്നിവരെ സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിന് കരാറടിസ്ഥാനത്തിൽ നിലനിർത്തുവാനും, നിലവിലുള്ള റവന്യൂ വിഭാഗത്തിനെ പുനഃ ക്രമീകരിച്ചു ജോലി നഷ്ടപെടാതെ തന്നെ സ്മാർട്ട് മീറ്റർ പദ്ധതി TOTEX മോഡലിൽ നടപ്പിലാക്കാവുന്നതാണ്. അതുകൊണ്ടുതന്നെ AMI സ്മാർട്ട് മീറ്റർ പദ്ധതി നടപ്പാക്കുന്നതുമൂലം കരാർ മീറ്റർ റീഡർമാരുടെയും മറ്റ് റവന്യൂ ജീവനക്കാരുടെയും ജോലി നഷ്ടമാകില്ല.

9. AMI സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന TOTEX മോഡൽ എന്താണ്?

സാധാരണ പദ്ധതികൾ CAPEX അഥവാ ക്യാപിറ്റൽ എക്സ്പെൻഡീച്ചർ (മൂലധന ചെലവ്) മാതൃകയിലാണ് നടപ്പിലാക്കുന്നത്, അതായത് പദ്ധതി നിർവഹണത്തിനു ശേഷം മുതൽമുടക്കുന്ന കമ്പനികൾക്ക് മുഴവൻ തുകയും KSEBL നേരിട്ടു നൽകുന്ന രീതിയാണ് കാപ്പക്സ് മോഡൽ. പുതിയ പദ്ധതികളും സോഫ്റ്റ്‌വെയറുകളും പൂർത്തിയായാൽ, അത് പൂർത്തീകരിക്കുന്ന കമ്പനികൾ പിന്മാറുകയും തുടർന്ന് അതിന്റെ പരിപാലനം, സ്ഥാപനം തന്നെ ഏറ്റെടുത്തു ചെയ്യാറാണ് പതിവ്. ഇതുപോലെയുള്ള ഒരുപാട് പദ്ധതികൾ വിജയകരമായി നടപ്പാക്കിയിട്ടുണ്ടെങ്കിലും അതിന്റെ പരിപാലനം പരാജയമായി മാറുന്ന പാഠമാണ് നമ്മൾ പഠിച്ചത്. ഇതിനു പരിഹാരമായാണ്, TOTEX അഥവാ Total Expenditure (മൊത്തം ചെലവ്) മാതൃക. അതായത് ഇവിടെ ജോലി ഏറ്റെടുക്കുന്ന കമ്പനികൾക്ക് മൂലധന നിക്ഷേപം (capital expenditure) മാത്രമല്ല പ്രവർത്തന / പരിപാലന ചിലവും (operational cost) കൂടി നിക്ഷേപിക്കേണ്ടി വരും..

Total Expenditure = Capital Expenditure + Operational Expenditure.

ഈ രീതിയെ DBFOOT (Design Build Finance Own Operate Transfer) എന്നും പറയാം. ഇതിന്റെ ഗുണങ്ങൾ എന്തെന്നാൽ ഒരു പദ്ധതി നടപ്പിലാക്കി ആദ്യ വർഷങ്ങളിൽ ധാരാളം തെറ്റുകളും മാറ്റങ്ങൾ തുടങ്ങിയവയയ്ക്കു സാധ്യത ഏറെയാണ്. സ്മാർട്ട് മീറ്റർ സ്ഥാപിച്ച ശേഷം ആദ്യ വർഷങ്ങളിലെ പരിപാലനവും സ്ഥാപിച്ച കമ്പനിയെ ഏൽപ്പിക്കുന്നത് വഴി ഉപഭോക്താക്കൾക്ക് പദ്ധതിയുടെ ആരംഭകാലം മുതൽ തന്നെ മികച്ച സേവനം നൽകുവാൻ സാധിക്കും. കൂടാതെ മാതൃ സ്ഥാപനത്തിലെ ജീവനക്കാർക്ക് ഇതുമായി ബന്ധപ്പെട്ട പരിശീലനവും ഈ കാലയളവിൽ പൂർത്തിയാക്കാൻ സാധിക്കും.

TOTEX മോഡലിൽ പദ്ധതി നിർവഹണ സമയത്തു വേണ്ട മൂലധന ചിലവും പദ്ധതി പരിപാലന സമയത്തു വേണ്ട പരിപാലന ചിലവും പദ്ധതി നടത്തുന്ന കമ്പനി തന്നെ കണ്ടെത്തേണ്ടതുണ്ട്. KSEBLന്റെ മുൻകൂർ മുതൽമുടക്ക് ആവശ്യമില്ല. കേന്ദ്ര പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് AMISP-ക്ക് പരിപാലന കാലയളവിൽ ഒരു മീറ്ററിനു പ്രതിമാസം ഒരു നിശ്ചിത തുക KSEB നൽകേണ്ടതുണ്ട്. ഈ തുകയ്ക്ക് 15 ശതമാനം കേന്ദ്രഗ്രാന്റും ലഭിക്കുന്നതായിരിക്കും.

സ്മാർട്ട് മീറ്റർ പദ്ധതി TOTEX മോഡലിൽ നടപ്പിലാക്കിയാൽ മാത്രമേ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ഗ്രാന്റ് ലഭിക്കുകയുള്ളൂ

10. സ്മാർട്ട് മീറ്റർ പദ്ധതി TOTEX മോഡലിൽ നടപ്പിലാക്കിയാൽ KSEBL നു എന്തെങ്കിലും നഷ്ടം ഉണ്ടാകുമോ?

മുമ്പ് പരാമർശിച്ചത് പോലെ സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കുവാനുള്ള തുക ഏകദേശം 8200 കോടി രൂപയാണ്. KSEBL TOTEX മാതൃകയിലല്ലാതെ പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ ഈ തുക ലഭ്യമാക്കുന്നതിനുള്ള സാമ്പത്തിക സ്രോതസ്സ് കണ്ടെത്തേണ്ടതായി വരും. KSEBL ന്റെ നിലവിലെ സാഹചര്യത്തിൽ ഇത്രയും വലിയ തുക ബാങ്കുകളിൽ നിന്നോ പൊതു വിപണിയിൽ നിന്നോ കടമെടുക്കുന്നതു പ്രാവർത്തികമല്ല. പകരം TOTEX മാതൃകയിലാണ് പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ ഈ തുക KSEBL ടെൻഡർ മുഖാന്തരം നിയമിക്കുന്ന AMI -SP (സർവ്വീസ് പ്രൊവൈഡർ)-യുടെ ഉത്തരവാദിത്തത്തിലാകും. പദ്ധതി പൂർത്തീകരിച്ചു അതിന്റെ ആശയ വിനിമയ ചാനലിന്റെ പ്രവർത്തനം, സെർവറിൽ മീറ്റർ ഡാറ്റയുടെ ലഭ്യത എന്നിവ ഉറപ്പാക്കിയ ശേഷം

മാത്രം ചിലവായ തുക KSEBL, AMI -SPക്കു കൊടുത്താൽ മതിയാകും. മാത്രമല്ല മീറ്റർ സ്ഥാപിച്ച ശേഷം 93 മാസം അതിന്റെ പരിപാലനത്തിന്റെ ചുമതല AMI -SP നെ ഏൽപ്പിച്ചാണ് പദ്ധതി നിലവിൽ വിഭാവനം ചെയ്തിരിക്കുന്നത്. സ്മാർട്ട് മീറ്ററുകളിൽ നിന്നും ലഭിക്കുന്ന മീറ്റർ ഡാറ്റ നേരിട്ട് KSEBL ന്റെ ബില്ലിങ് ആപ്ളിക്കേഷനിൽ എത്തുകയും, റവന്യൂ വരവ് പൂർണ്ണമായും സ്മാർട്ട് മീറ്റർ പേയ്മെൻറ് ആപ്പ്/ ഓൺലൈൻ വഴി കെ.എസ്.ഇ.ബി.എൽ ന്റെ ബാങ്ക് അക്കൗണ്ടിലാണ് എത്തിച്ചേരുന്നത്. പുറം കരാറുകൾ ഇതിൽ വരുന്നില്ല. അതിനാൽ TOTEX മോഡലിൽ ഈ പദ്ധതി നടപ്പിലാക്കുന്നത് മൂലം കെ.എസ്.ഇ.ബി.എൽ നു യാതൊരു വിധത്തിലുമുള്ള സാമ്പത്തിക നഷ്ടം ഉണ്ടാവുകയില്ല.

11. AMI SP (Advanced Metering Infrastructure Service Provider) എന്നാൽ എന്താണ് ?

കേന്ദ്ര പദ്ധതിയായ RDSS മാർഗരേഖ പ്രകാരം സ്മാർട്ട് മീറ്ററുകളും മറ്റു അടിസ്ഥാന സൗകര്യങ്ങളും സ്ഥാപിക്കുന്നതിനും അത് പരിപാലിക്കുന്നതിനും ഒരൊറ്റ ഏജൻസിക്ക് സുതാര്യമായ ടെൻഡർ നടപടികളിലൂടെ കരാർ നല്കണം. അതിനായി KSEBL ടെൻഡർ വിളിക്കുകയും (സ്വകാര്യ കമ്പനികൾക്കും പൊതു മേഖല സ്ഥാപനങ്ങൾക്കും ടെൻഡറിൽ പങ്കെടുക്കാൻ അവകാശമുണ്ട്) അതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുന്ന കമ്പനിയെ AMI സർവീസ് പ്രൊവൈഡറായി പദ്ധതി നടത്തിപ്പ് ഏൽപ്പിക്കുകയും വേണം. സ്വകാര്യ കമ്പനിയെ തന്നെ പദ്ധതി നടത്തിപ്പ് ഏൽപ്പിക്കണമെന്ന് പദ്ധതി മാർഗ രേഖയിൽ എവിടെയും പരാമർശിക്കുന്നില്ല.

12. AMI SP ക്ക് എങ്ങനെയാണ് പണം ലഭിക്കുന്നത്? ഉപഭോക്താവ് പണം കൊടുക്കേണ്ടതുണ്ടോ? TOTEX മോഡലിൽ പദ്ധതി നടപ്പിലാക്കിയാൽ, AMI SP യുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് ഉപഭോക്താക്കൾ റീച്ചാർജ് ചെയ്യുന്ന പണം പോകുന്നതെന്ന ആരോപണം ശരിയാണോ?

KSEBL ന്റെ എല്ലാ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനും (27 മാസം കാലയളവ്) അടുത്ത 93 മാസത്തേക്കുള്ള അവയുടെ പരിപാലനത്തിനുമാണ് AMI സർവീസ് പ്രൊവൈഡർ പണം നിക്ഷേപിക്കേണ്ടത്. AMISP മുടക്കുന്ന പണം

KSEB ഒരു മീറ്ററിന് പ്രതിമാസം ഒരു നിശ്ചിത തുക എന്ന രീതിയിലാണ് തിരിച്ചു കൊടുക്കുന്നത്. ഇത് നൽകി തുടങ്ങുന്നത് പദ്ധതി പൂർത്തികരിച്ചു മീറ്ററുകൾ പ്രവർത്തിച്ചു തുടങ്ങുമ്പോൾ മാത്രമാണ്. സ്മാർട്ട് മീറ്റർ സ്ഥാപിച്ചതിനു ശേഷം വൈദ്യുതി ഉപഭോക്താക്കൾ പ്രീപെയ്ഡ് മോഡിൽ തുക റീച്ചാർജ് ചെയ്യുമ്പോൾ, KSEBL ന്റെ ബാങ്ക് അക്കൗണ്ടിലേക്കാണ് പണം വരുന്നത്. KSEBL ന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നും KSEBL അംഗികരിച്ച AMISP സർവീസ് ചാർജ്ജ് അവർക്ക് കിട്ടത്തക്ക വിധത്തിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ചിലർ പ്രചരിപ്പിക്കുന്നതുപോലെ AMISPക്ക് നേരിട്ട് KSEBL ന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നും പണം എടുക്കുവാൻ സാധിക്കുകയില്ല. കരാർ പ്രകാരമുള്ള പ്രവർത്തി ചെയ്തിട്ടില്ലായെങ്കിൽ പണം നൽകുന്നത് തടയുവാൻ KSEBL ന് അധികാരമുണ്ട്. സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കുന്നതിലൂടെ KSEBL ന് ലഭിക്കുന്ന സാമ്പത്തിക നേട്ടങ്ങൾ ഉപഭോക്താവിലേക്ക് പകർന്നു നൽകുന്നതുവഴി ഉപഭോക്താവിന് യാതൊരു അധിക ബാധ്യതയും ഇല്ലാതെ ടി പദ്ധതി നടപ്പിലാക്കുവാൻ സാധിക്കും. ഈ പദ്ധതിക്ക് പ്രതിമാസം ചിലവാകുന്ന തുക ആവശ്യമെങ്കിൽ പരിപാലന ചിലവിനത്തിൽ കണക്കാക്കി റെഗുലേറ്ററി കമ്മീഷനു ARR & ERC ഫയൽ ചെയ്യാവുന്നതാണെന്ന് RDSS മാർഗ രേഖയിൽ പരാമർശിച്ചിട്ടുണ്ട്. ഇത് മൂലം KSEBL നു പദ്ധതി നടത്തിപ്പിനായി ഒരു തുകയും ചിലവഴിക്കേണ്ടതില്ല. അതുകൊണ്ടുതന്നെ നിലവിലെ വൈദ്യുതി ഉപഭോക്താക്കൾക്ക് യാതൊരുവിധത്തിലുമുള്ള അധികചാർജുകൾ ഈടാക്കാതെ തന്നെ സ്മാർട്ട്മീറ്റർ സ്ഥാപിക്കുവാൻ സാധിക്കും. അതുപോലെ ഉപഭോക്താക്കളുടെ റീച്ചാർജ് പണം KSEBL ൽ തന്നെ നേരിട്ട് കൈകാര്യം ചെയ്യുന്നതായിരിക്കും.

13. എന്താണ് സ്മാർട്ട് മീറ്റർ ഫേസ് -1 പദ്ധതി?

രണ്ടു ഘട്ടമായിട്ടാണ് സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കാൻ ഉദ്ദേശിച്ചിരിക്കുന്നത് .അതിൽ ആദ്യ ഘട്ടത്തിൽ ഫീഡർ, ബോർഡർ, ട്രാൻസ്ഫോർമർ മീറ്ററുകളും വരുമാനം കൂടിയ 14 ഡിവിഷൻ ഓഫീസുകളിലെ എല്ലാ ഉപഭോക്താക്കൾക്കുമാണ് സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നത്. ഏകദേശം 37 ലക്ഷത്തോളം സ്മാർട്ട് മീറ്ററുകളാണ് ഡിസംബർ 2023 നു മുൻപായി സ്ഥാപിക്കേണ്ടത്. പ്രസ്തുത സമയത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കിയാൽ മാത്രമേ കേന്ദ്ര സർക്കാരിൽ നിന്നും അർഹിക്കുന്ന ഗ്രാൻറ്റ് തുക ലഭ്യമാകുകയുള്ളൂ.

14. AMI SP യെ നിയമിച്ചാൽ KSEBL ന്റെ ഡാറ്റ ചോർച്ചയ്ക്ക് കാരണമാകുമോ?

TOTEX മാതൃകയിൽ സ്മാർട്ട് മീറ്റർ പദ്ധതി നടപ്പാക്കുന്നതിനെ എതിർക്കുന്നവരുടെ പ്രധാന ആരോപണം KSEBL ന്റെ ഡാറ്റ ചോർച്ചയാണ്. എന്നാൽ ഇതിനു യാതൊരു അടിസ്ഥാനവും ഇല്ല. AMI -SP യെ നിയമിക്കുന്നതിനുള്ള ഉടമ്പടിയിലെ ഒരു പ്രധാനപ്പെട്ട വ്യവസ്ഥ ഡാറ്റ പ്രൊട്ടക്ഷൻ ആണ്. ഇന്ത്യയിലെ SBI ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെയെല്ലാം ഡാറ്റ കൈകാര്യം ചെയ്യുന്നതും, സോഫ്റ്റ് വെയറുകൾ പരിപാലിക്കുന്നതും സ്വകാര്യ സോഫ്റ്റ് വെയർ കമ്പനികളാണ്. മാത്രമല്ല ഇന്ത്യൻ പാസ്പോർട്ട് സിസ്റ്റം സോഫ്റ്റ്‌വെയർ കൈകാര്യം ചെയ്യുന്നതു TCS എന്ന സ്വകാര്യ സോഫ്റ്റ്‌വെയർ കമ്പനിയാണ്. കേന്ദ്രനിയമമായ "ന്യായമായ സുരക്ഷാ നടപടികളും നടപടിക്രമങ്ങളും സെൻസിറ്റീവ് വ്യക്തിഗത ഡാറ്റ അല്ലെങ്കിൽ വിവര നിയമങ്ങൾ 2011" ബാധകമായ വ്യവസ്ഥകൾക്ക് അനുസൃതമായി ഈ പദ്ധതി നടപ്പിലാക്കിയാൽ ഡാറ്റ ചോർച്ചയെപ്പറ്റി ആശങ്കപ്പെടേണ്ടതില്ല. സ്മാർട്ട് മീറ്റർ ഡാറ്റ കെ.എസ്.ഇ.ബി.എൽ. ന്റെ അധീനതയിൽ ആയിരിക്കും. നിയമപ്രകാരം മൂന്നാം കക്ഷി ഡാറ്റ പ്രൈവസി ഓഡിറ്റ് വർഷത്തിലൊരിക്കൽ നടത്തേണ്ടതാണ്. കേന്ദ്ര സർക്കാരിന്റെ സിഇആർടി-ഇൻ (CERT-In) ന്റെ കാലാകാലങ്ങളായിട്ടുള്ള സൈബർ സെക്യൂരിറ്റി മാർഗ്ഗനിർദ്ദേശങ്ങൾ / വ്യവസ്ഥകൾ പദ്ധതിയുടെ ഭാഗമായിരിക്കും. അതുകൊണ്ടുതന്നെ യാതൊരുവിധത്തിലുമുള്ള ഉപഭോക്തൃ ഡാറ്റാചോർച്ച ഈ പദ്ധതി നടപ്പാക്കുന്നതു മൂലം ഉണ്ടാവുകയില്ല.

15. AMI സ്മാർട്ട് മീറ്റർ പദ്ധതി സ്വകാര്യവൽക്കരണത്തിനു വഴി തെളിക്കുമോ? ഈ പദ്ധതി മൂലം KSEBL ന്റെ റവന്യൂ വിങ്ങിനെ സ്വകാര്യവൽക്കരിക്കപ്പെടും എന്ന ആരോപണം ശരിയാണോ ?

സ്മാർട്ട് മീറ്റർ പദ്ധതി TOTEX മാതൃകയിൽ നടപ്പിലാക്കുന്നത് KSEBL ന്റെ സ്വകാര്യവൽക്കരണത്തിനു കാരണമാകും എന്ന് പറയുന്നതിൽ ഒരു കഴമ്പും ഇല്ല. കേരളത്തിൽ മാറിമാറി വരുന്ന ഭരണ മുന്നണികളുടെ താൽപ്പര്യം KSEBL നെ പൊതു മേഖലയിൽ നില നിർത്താൻ തന്നെയാണ്. നാളിതുവരെയും കേരളത്തിലെ പൊതു മേഖലയെ പ്രോത്സാഹിപ്പിക്കുന്ന തീരുമാനങ്ങളാണ് സർക്കാരുകൾ സ്വീകരിച്ചിട്ടുള്ളത് . അതിനിന്നേവരെ യാതൊരു മാറ്റവും സംഭവിച്ചിട്ടില്ല.

AMI -SP കമ്പനികൾ സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതു കൊണ്ടോ, അത് 93 മാസം പരിപാലിക്കുന്നത് കൊണ്ടോ KSEBL ന്റെ പ്രവർത്തനം സ്വകാര്യ മേഖലയ്ക്ക് തുറന്നു കൊടുക്കില്ല. 2015 മുതൽ KSEBL ന്റെ തിരുവനന്തപുരത്തുള്ള ഡാറ്റ സെൻററർ പരിപാലിക്കുന്നത് KDN എന്ന സ്വകാര്യ സോഫ്റ്റ് വെയർ കമ്പനിയാണ്. മേൽപറഞ്ഞ ആരോപണം ശരിയാണെങ്കിൽ ഇതിനോടകം തന്നെ എല്ലാ KSEBL ഉപഭോക്താക്കളുടെയും ഡാറ്റ ചോരുകയും അതുവഴി ഒരു പുതിയ സ്വകാര്യ ലൈസൻസി കടന്നുവരുകയും ചെയ്തെനേ. ഇത്തര ത്തിലുള്ള ആരോപണങ്ങൾക്ക് യാതൊരു കഴമ്പും ഇല്ല. സ്മാർട്ട് മീറ്റർ പദ്ധതി കൃത്യസമയത്ത് നടപ്പിലാക്കിയില്ലെങ്കിൽ കേരളത്തിലേക്ക് മറ്റു സ്വകാര്യവൈദ്യുതി കമ്പനികളുടെ കടന്നുവരവിനും അവർ നമ്മുടെ ഉപഭോക്താക്കളെ അടർത്തിയെടുക്കുവാനും സാധ്യതയുണ്ട്. അതു കൊണ്ട് സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കുന്നതുമൂലമല്ല സ്വകാര്യ വത്കരണം നടക്കാൻ പോകുന്നത് മറിച്ച്, പദ്ധതി നടപ്പിലാക്കിയില്ലെ ങ്കിൽ മാത്രമാണ് സ്വകാര്യവത്കരണ ഭീഷണി നേരിടേണ്ടിവരുന്നത്.

16. കേരള സർക്കാർ നിയമിച്ച ടെക്നിക്കൽ കമ്മിറ്റിയുടെ ശുപാർശ എന്താണ്?

TOTEX മാതൃകയിൽ സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനെ എതിർത്ത ട്രേഡ് യൂണിയനുകളുടെയും ഓഫീസർ സംഘടന കളുടെയും അഭിപ്രായം മാനിച്ചാണ് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പ് മന്ത്രി വിഷയം പഠിക്കുവാൻ വേണ്ടി സർക്കാർ തലത്തിൽ ടെക്നിക്കൽ കമ്മിറ്റിയെ നിയോഗിച്ചത്. പ്രസ്തുത കമ്മിറ്റിയിൽ സർക്കാർ നിശ്ചയിച്ച 3 സാങ്കേതിക വിദഗ്ധരും, KSEBL ന്റെയും പ്രതിനിധികളും ഉൾപ്പെട്ടിരുന്നു. ടി കമ്മിറ്റി ട്രേഡ് യൂണിയനുകളും ഓഫീസർ സംഘടനകളുമായി ചർച്ച നടത്തിയിരുന്നു. ടെക്നിക്കൽ കമ്മിറ്റി വിഷയം പഠിച്ചതിനു ശേഷം, കേന്ദ്ര സർക്കാരിന്റെ ഗ്രാന്റ് നഷ്ടമാകാതെ (സ്മാർട്ട് മീറ്റർ പദ്ധതി-15%, പ്രസരണവിതരണ നവീകരണ പദ്ധതി-60%) ഇരിക്കുവാൻ സ്മാർട്ട്മീറ്റർ പദ്ധതി TOTEX മാതൃകയിൽ തന്നെ നടപ്പിലാക്കണമെന്നും കമ്മിറ്റി ശുപാർശ ചെയ്തു. അതിനാൽ തന്നെ KSEBL TOTEX മാതൃകയിൽ തന്നെ പദ്ധതി മുന്നോട്ടു കൊണ്ട് പോവുകയാണ് വേണ്ടത്.

17. ബദൽ മാർഗമായ C -DAC ടെക്നോളജി ഫലപ്രദമാണോ?

ചില ട്രേഡ് യൂണിയനുകളും ഓഫീസർ സംഘടനകളുമാണ് C - DAC എന്ന കേന്ദ്ര പൊതു മേഖലാ സ്ഥാപനത്തിന് സ്മാർട്ട് മീറ്റർ ടെക്നോളജി ഉണ്ടെന്നും, GEPDEC എന്ന സ്റ്റാർട്ട് അപ്പ് കമ്പനി യുടെ

സ്മാർട്ട് മീറ്റർ KSEBL സ്ഥാപിക്കണം എന്ന് ആവശ്യപ്പെട്ടത്. ഇത് TOTEX മോഡലിന്റെ ബദൽ സംവിധാനമാണെന്നാണ് അവർ അവകാശപ്പെടുന്നത്. എന്നാൽ ടെക്നിക്കൽ കമ്മിറ്റി ഈ നിർദ്ദേശം പഠിച്ചതിനുശേഷം, റിപ്പോർട്ടിൽ പറയുന്നത് C -DAC എന്ന കേന്ദ്ര പൊതു മേഖല സ്ഥാപനത്തിന്റെ ടെക്നോളജി ഇതുവരെ സാങ്കേതികമായി വളർന്നിട്ടില്ലെന്നും പ്രോട്ടോ ടൈപ്പ് ഡിസൈൻ മാത്രമാണ് നിലവിൽ ഉള്ളതെന്നും അത് വാണിജ്യ അടിസ്ഥാനത്തിൽ ഉൽപ്പാദനം തുടങ്ങണമെങ്കിൽ ഇനിയും വർഷങ്ങൾ വേണ്ടി വരുമെന്നും കണ്ടെത്തി. എന്നാൽ കേന്ദ്രസർക്കാരിന്റെ നിബന്ധനയനുസരിച്ചു സ്മാർട്ട് മീറ്റർ ആദ്യ ഘട്ടം 2023 ഡിസംബർ 31 നു മുൻപ് പൂർത്തീകരിക്കേണ്ടതിനാൽ ആദ്യ ഘട്ടത്തിലെ 37 ലക്ഷം മീറ്ററുകൾ സ്ഥാപിക്കുവാൻ TOTEX മാതൃകയുമായി മുന്നോട്ടു പോകാനാണ് കമ്മിറ്റി ശുപാർശ ചെയ്തത്. കൂടാതെ പരീക്ഷണാടിസ്ഥാനത്തിൽ C - DAC സ്ഥാപിക്കുവാൻ ഉദ്ദേശിച്ച സ്മാർട്ട് മീറ്ററുകളുടെ സാങ്കേതിക പിഴവുകൾ കാരണം KSEBL ന്റെ സാങ്കേതിക അനുമതി ഇതുവരെയും നൽകാൻ കഴിഞ്ഞിട്ടില്ല. C-DAC ന്റെ ടെക്നോളജി ഉപയോഗിച്ച് മീറ്റർ നിർമാണ പൊതുമേഖല കമ്പനികൾക്ക് കൈമാറി, സ്മാർട്ട് മീറ്റർ നിർമ്മിച്ച് ഈ പദ്ധതി നടപ്പിലാക്കുവാൻ വിദൂര സാധ്യത പോലും കാണുന്നില്ല.

18. രാജ്യം മുഴുവൻ സ്മാർട്ട് മീറ്ററുകളുമായി മുന്നോട്ട് പോകുമ്പോൾ കേരളത്തിന് മാത്രമായി മാറിനിൽക്കാനാകുമോ?

ഇന്നിപ്പോൾ ഇന്ത്യയിൽ 67 ലക്ഷത്തിലധികം സ്മാർട്ട് മീറ്ററുകൾ സ്ഥാപിച്ചു കഴിഞ്ഞു, കൂടാതെ 23 കോടി സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്. കേരളത്തിന്റെ സംഭാവന 24,300 എണ്ണം മാത്രമാണ്.കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി CSML എന്ന പൊതുമേഖലാ സ്ഥാപനവും KSEBL ഉം ചേർന്ന് സ്ഥാപിച്ചതാണ് ടി–മീറ്ററുകൾ. കൊച്ചി കോർപ്പറേഷന്റെ കീഴിൽ 6 വാർഡുകളിലായി 24,300 LT ഉപഭോക്താക്കൾക്കാണ് സ്മാർട്ട് മീറ്റർ സ്ഥാപിച്ചത്. എന്നാൽ നാളിതുവരെയായിട്ടും ഈ മീറ്ററുകളുടെ വിവരശേഖരണം പൂർണതോതിൽ വിജയപ്രദമായിട്ടില്ല. ഇപ്പോഴും രണ്ടു മാസത്തിലൊരിക്കൽ മീറ്റർ റീഡർ റീഡിങ് എടുത്തു തന്നെയാണ് ഉപഭോക്താവിന് ബില്ല് കൊടുക്കുന്നത്. കേരളം ഒഴികെയുള്ള ഒട്ടു മിക്ക സംസ്ഥാനങ്ങളും സ്മാർട്ട് മീറ്റർ പദ്ധതിയുമായി മുന്നോട്ടു പോയിട്ടുണ്ട്. അതിനാൽ നമ്മുടെ സംസ്ഥാനത്തിന് ഇതിൽ നിന്നും ഒഴിഞ്ഞു നിൽക്കുവാൻ സാധിക്കുകയില്ല.

19. കേരളത്തിലെ HT ഉപഭോക്താക്കൾക്ക് മാത്രമായി സ്മാർട്ട് മീറ്റർ സ്ഥാപിക്കാനാകുമോ?

ചില കോണുകളിൽ നിന്നും സ്മാർട്ട് മീറ്റർ പദ്ധതി ഒരുമിച്ചു കേരളം മുഴുവൻ നടത്താതെ ഘട്ടം ഘട്ടമായി നടത്തണം എന്നുള്ള അഭിപ്രായം ഉയർന്നു കേൾക്കുന്നുണ്ട്. എന്നാൽ പദ്ധതി നടത്തിപ്പിനെക്കുറിച്ചുള്ള അജ്ഞതയാണ് ഈ വിധ അഭിപ്രായങ്ങൾക്കു കാരണം. സ്മാർട്ട് മീറ്റർ വെറുമൊരു മീറ്റർ അല്ലെന്നും അതിനു പിറകിൽ ആശയവിനിമയ സംവിധാനം ഉൾപ്പെടെയുള്ള സാങ്കേതിക വശങ്ങൾ പ്രവർത്തിക്കേണ്ടതാണെന്നും നാം അറിയേണ്ടതാണ്. എല്ലാ സ്മാർട്ട് മീറ്ററുകൾക്കും സിഗ്നൽ സ്വീകരിക്കാനും അയയ്ക്കുവാനും സൗകര്യമുണ്ട്. ഡാറ്റാ കമ്മ്യൂണിക്കേഷൻ ചെലവ് കുറഞ്ഞതും വിജയപ്രദവും ആകണമെങ്കിൽ ലൈസൻസ്ഫ്രീ ആയിട്ടുള്ള റേഡിയോ ഫ്രീക്വൻസി ഉപയോഗിച്ചുള്ള മെഷ് ടെക്നോളജി(മീറ്ററുകൾ പരസ്പരം കമ്യൂണിക്കേറ്റ് ചെയ്തു സെർവറിൽ വിജയകരമായി ഡാറ്റാ എത്തിക്കുന്ന ടെക്നോളജി) നടപ്പിലാക്കേണ്ടതായി വരും. ക്ളസ്റ്റർ രീതിയിൽ സ്ഥാപിച്ചിട്ടുള്ള സ്മാർട്ട് മീറ്ററുകളിൽ ഈ സാങ്കേതിക വിദ്യ പല സംസ്ഥാനങ്ങളിലും വിജയകരമാണെന്ന് തെളിയിച്ചു കഴിഞ്ഞിട്ടുള്ളതാണ്.എന്നാൽ പലയിടങ്ങളിലായി വ്യാപിച്ചു കിടക്കുന്ന ഓരോ HT സ്മാർട്ട് മീറ്ററുകളിലും ഏതെങ്കിലും മൊബൈൽ സേവന ദാതാവിന്റെ സഹായത്തോടെയുള്ള ജി.പി.ആർ.എസ് ടെക്നോളജി ഉപയോഗിക്കേണ്ടതായി വരും. ഇപ്രകാരമുള്ള ടെക്നോളജി കൂടുതൽ മീറ്ററുകളിൽ ഉപയോഗിക്കുന്നത് KSEBL ന്റെ ആവർത്തനചെലവ് കൂടുന്നതിന് കാരണമാകും. അതിനാൽ ഒരു പ്രദേശത്തെ എല്ലാ ഉപഭോക്താക്കൾക്കും ഒരുമിച്ച്, ഒരേ സമയത്തു സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതാണ് ഉചിതം. അതിനാലാണ് KSEBL വരുമാനം കൂടിയ 14 ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസുകൾക്കു കീഴിലുള്ള മുഴുവൻ ഉപഭോക്താക്കൾക്കും ആദ്യ ഘട്ടത്തിൽ സ്മാർട്ട് മീറ്റർ സ്ഥാപിക്കുവാൻ തീരുമാനിച്ചത്.

20. സ്മാർട്ട് മീറ്റർ AMI പദ്ധതി നടപ്പാക്കുന്നത് കൊണ്ട് ഓരോ ഉപഭോക്താവിനും 100 രൂപ വീതം അധിക ബാധ്യത വരും എന്ന വാദം ശരിയാണോ ?

കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സ്മാർട്ട് മീറ്ററിന്റെ ബെഞ്ച് മാർക്ക് ചെലവ് മീറ്ററിന് 6000 രൂപ എന്ന കണക്കിനാണ്. ഈ തുക മീറ്ററിന്റെ ആശയവിനിമയം അനുബന്ധ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവയുടെയെല്ലാം ചിലവുൾപ്പെടെയാണ്. നിലവിൽ ഉപയോഗിക്കുന്ന സിംഗിൾ ഫേസ് മീറ്ററുകൾക്കു 800 രൂപയും ത്രീ ഫേസ് മീറ്ററുകൾക്കു 2,500 രൂപയുമാണ് വില. ഈ മീറ്ററുകൾക്കു മാസ

വാടകയായി 6 രൂപയും 15 രൂപയുമാണ് നിലവിൽ ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്നത്. ഇങ്ങനെ 10 വർഷം ആകുമ്പോൾ തന്നെ മീറ്ററിന്റെ മൂല്യ തകർച്ചയുടെ ചെലവ് (ഡിപ്രീസിയേഷൻ കോസ്റ്റ്) ഉൾപ്പെടെ മീറ്ററിന്റെ വാങ്ങിയ തുകയ്ക്ക് തുല്യമാകും. അതിനാൽ സ്മാർട്ട് മീറ്റർ സ്ഥാപിച്ചാലും ഇതേ മീറ്റർ വാടക ഉപഭോക്താക്കളുടെ കയ്യിൽ നിന്നും ഈടാക്കി അധിക ഭാരം ഇല്ലാതാക്കാവുന്നതാണ്. ഈ വിഷയം വിശദമായി പഠിച്ച ടെക്നിക്കൽ കമ്മിറ്റി, സ്മാർട്ട് മീറ്റർ നടപ്പിലാക്കുന്നതു മൂലം KSEBL-ന് കിട്ടുന്ന റവന്യൂലാഭം -പവർ പർച്ചേസ് കുറയ്ക്കുന്നതുമൂലം ഓവർഡ്രാഫ്റ്റ് ഒഴിവാകുകയും, AT & C നഷ്ടം കുറയുന്നതുമൂലവും, പീക്ക് ഡിമാന്റ് കുറയുന്നതുകൊണ്ട് ജനറേഷൻ കോസ്റ്റിലുള്ള ലാഭവും KSEBL-ന് ലഭിക്കുന്നതുമൂലം ഉപഭോക്താവിന് യാതൊരുവിധ അധിക താരിഫും നൽകാതെ ഈ പദ്ധതി നടപ്പിലാക്കാവുന്നതാണെന്ന് സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്.

21. കേന്ദ്രസർക്കാരിന്റെ RDSS പദ്ധതി എന്താണ്?

ഊർജ്ജ മേഖലയിലെ നവീകരണത്തിനായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള നൂതന പദ്ധതി ആയ "നവീകരിച്ച വിതരണ മേഖല പദ്ധതി (RDSS) ' സംസ്ഥാനങ്ങളിലെ നഗര-ഗ്രാമ പ്രദേശ ഭേദമെന്യേ ഒരുപോലെ നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. വിതരണ മേഖലയിലെ പരിഷ്കാരങ്ങൾ വഴി സാമ്പത്തിക നഷ്ടം കുറയ്ക്കുവാൻ ഡിസ്ട്രിബ്യൂഷൻ കമ്പനികളെ പ്രാപ്തമാക്കുകയും കാര്യക്ഷമത ഉറപ്പാക്കുകയും സമയബന്ധിതമായി പ്രകടനം മെച്ചപ്പെടുത്തുകയുമാണ് ലക്ഷ്യമിടുന്നത്. പദ്ധതി കാലാവധി 2025 സാമ്പത്തിക വർഷം വരെയാണ്. ഏതാണ്ട് 3 ലക്ഷം കോടി രൂപയാണ് കേന്ദ്ര സർക്കാർ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നത്. സ്മാർട്ട് മീറ്റർ പദ്ധതിക്ക് 15% വും വിതരണ നഷ്ടം കുറയ്ക്കുന്നതിനുള്ള പദ്ധതിക്ക് 60% വുമാണ് പ്രഖ്യാപിച്ചിട്ടുള്ള ഗ്രാന്റ് തുക. ബാക്കി തുക ചിലവഴിക്കുന്നത് അതാത് ഡിസ്ട്രിബ്യൂഷൻ കമ്പനികളാണ്. ഇന്ത്യയിൽ ആദ്യമായാണ് വൈദ്യുതി മേഖലയിൽ ഇത്രയും വലിയ തുക ചിലവഴിക്കുന്നത്.

22. പ്രസരണ വിതരണമേഖലകളിലെ പ്രവർത്തികൾക്കായുള്ള പദ്ധതി തുക കുറഞ്ഞു പോയോ ?

ഈ പദ്ധതിക്കുവേണ്ടി KSEBL ഏകദേശം 20,000 കോടി രൂപയുടെ പ്രൊജക്ട് റിപ്പോർട്ടാണ് കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചത്. അതിൽ 11,000 കോടി രൂപ പ്രസരണ വിതരണപ്രവൃത്തികൾക്കും 9,000 കോടി രൂപ സ്മാർട്ട് മീറ്റർ പദ്ധതിക്കുമാണ്. എന്നാൽ ഓരോ സംസ്ഥാനത്തിന്റെയും മുൻകാല കേന്ദ്രപദ്ധതി നിർവ്വഹണത്തിലെ

പ്രാവീണ്യം, അവിടുത്തെ വൈദ്യുതി ശ്രംഖലകളുടെ വ്യാപ്തി, നിലവിലെ ഊർജ്ജ നഷ്ടം ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ എന്നിവ കണക്കിലെടുത്താണ് ഫണ്ട് വിഹിതം നിർണ്ണയിക്കുന്നത്. കേരളത്തിന്റെ നോഡൽ ഏജൻസിയായ പവർ ഫിനാൻസ് കോർപ്പറേഷനെ അറിയിക്കുകയും അവരുടെ നിർദ്ദേശപ്രകാരം അത് 12,000 (3881 കോടി രൂപ പ്രസരണവിതരണ പ്രവർത്തികൾക്കും 8,200 കോടി രൂപ സ്മാർട്ട് മീറ്റർ പദ്ധതിക്കും) കോടി രൂപയുടെ പ്രവർത്തികളിലേക്ക് നിജപ്പെടുത്തുകയും ചെയ്തു. ഇതാണ് കേന്ദ്രസർക്കാരിലേക്ക് സമർപ്പിച്ചത്. പിന്നീട് ബഹുമാനപ്പെട്ട വൈദ്യുത വകുപ്പ് മന്ത്രിയുടെ ഇടപെടൽ മൂലം കൂടുതൽ തുക പ്രസരണ വിതരണ നവീകരണപദ്ധതിക്കായി പരിഗണിക്കാമെന്ന് കേന്ദ്ര ഊർജ്ജ മന്ത്രി സമ്മതിച്ചിട്ടുണ്ട്. അധിക ഗ്രാന്റ് തുക കിട്ടണമെങ്കിൽ സ്മാർട്ട് മീറ്റർ TOTEX മാതൃകയിൽ നടപ്പിലാക്കുകയും നിലവിൽ ആദ്യ ഘട്ടത്തിൽ അനുമതി ലഭിച്ച പ്രസരണവിതരണ നവീകരണപദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് കേന്ദ്രസർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ആദ്യ ഘട്ടത്തിൽ KSEBL നു അനുമതി ലഭിച്ചത് 10,475 കോടി രൂപയുടെ പ്രവർത്തികൾക്കാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് 8,175 കോടി രൂപയുടെ സ്മാർട്ട് മീറ്റർ പദ്ധതി. ബാക്കി തുക വിതരണ മേഖലയിലെ പ്രവർത്തികൾക്കാണ്. മേൽപ്പറഞ്ഞ പ്രവർത്തികൾക്കായി അനുവദിച്ചിരിക്കുന്ന ഗ്രാന്റ് തുക 2,606 കോടി രൂപയാണ്. ബാക്കി തുക കണ്ടെത്തുന്നത് KSEBL ന്റെ ഉത്തരവാദിത്തമാണ്.

23. KSEBL ന്റെ AT & C നഷ്ടം എത്രയാണ്?

ഉൽപാദന പ്രസരണ വിതരണ മേഖലകളിൽ സ്ഥാപിച്ചിരിക്കുന്ന പല തരം മീറ്ററുകൾ മുഖാന്തിരമാണ് ഊർജ ഉപഭോഗം അളക്കുന്നത്. ശരിയായ രീതിയിൽ അളന്നു തിട്ടപ്പെടുത്തിയാൽ മാത്രമേ ഊർജ നഷ്ടം കണക്കാക്കാൻ സാധിക്കുകയുള്ളൂ. കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ AT & C നഷ്ടം 7.25% എന്നാണു പറയപ്പെടുന്നത്. കേന്ദ്ര സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുമ്പോഴും റെഗുലേറ്ററി കമ്മീഷന് മുൻപാകെ റിപ്പോർട്ട് ചെയ്യുമ്പോഴും വെവ്വേറെ കണക്കുകളാണ് കാണിക്കുന്നത്. ഇന്ത്യയിലെ പല യൂട്ടിലിറ്റികളുടെയും അവസ്ഥ ഇതാണ്. ഇതിനൊരു അറുതി വരുത്തുവാനാണ് കേന്ദ്ര സർക്കാർ സ്മാർട്ട് മീറ്റർ എന്ന ആശയം മുന്നോട്ടു വച്ചിരിക്കുന്നത്. സ്മാർട്ട് മീറ്റർ വരുന്നതോടു കൂടി മാനുഷിക ഇടപെടൽ ഇല്ലാതെ കൃത്യമായ AT &C നഷ്ടകണക്കുകൾ നമുക്ക് ലഭ്യമാകും .

24. സ്മാർട്ട് മീറ്റർ പദ്ധതി നടന്നില്ലെങ്കിൽ KSEBL നുണ്ടാകുന്ന നഷ്ടം എത്രയാണ്?

RDSS പദ്ധതി വഴി KSEBL നു കിട്ടാൻ പോകുന്നത് ഏകദേശം 4,000 കോടി രൂപയുടെ സഹായധനമാണ്. അതായത് KSEBL നു അതിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ ഗ്രാന്റു തുകയാണ് കിട്ടാൻ പോകുന്നത്. ഈ തുക കിട്ടുന്നതിനുള്ള പ്രധാനപ്പെട്ട നിബന്ധന കളിലൊന്ന് TOTEX മാതൃകയിൽ സ്മാർട്ട് മീറ്റർ പദ്ധതി നടപ്പാക്കുകയെന്നതാണ്. സ്മാർട്ട് മീറ്റർ സ്ഥാപിക്കുക എന്നത് നിയമമായിക്കഴിഞ്ഞ ഈ സാഹചര്യത്തിൽ ഭാവിയിൽ നൽകുന്ന ഓരോ കണക്ഷനും സ്മാർട്ട് മീറ്ററുകൾ സ്ഥാപിച്ചു മാത്രമേ നൽകാൻ കഴിയുകയുള്ളൂ. ഇങ്ങനെ ഒരു സാഹചര്യത്തിൽ കേന്ദ്രത്തിന്റെ 15 % ഗ്രാന്റ് ലഭിക്കുന്ന പദ്ധതിയിൽ നിന്നും മാറി നിൽക്കുന്നത് നമ്മുടെ സ്ഥാപനത്തിന് ഗുണകരമല്ല .

- RDSS പദ്ധതിയുടെ കീഴിൽ ലഭിക്കേണ്ടുന്ന ഗ്രാന്റ് തുക നഷ്ടമാകുമെന്ന് മാത്രമല്ല പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന എല്ലാ പ്രവർത്തികളും KSEBL സ്വന്തം നിലയ്ക്ക് കടമെടുത്തു പൂർത്തീകരിക്കേണ്ടി വരും.
- സ്മാർട്ട് മീറ്റർ പദ്ധതിയുൾപ്പെടെയുള്ള പ്രവർത്തികൾ കടമെടുത്തു പൂർത്തീകരിക്കുന്നതിലൂടെ KSEBL ന്റെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമാവുകയും തൽഫലമായി അത് ഉപഭോക്താക്കളുടെ മേൽ അമിത ഭാരം അടിച്ചേൽപ്പി ക്കേണ്ടതായും വരും.
- ഇനി ഭാവിയിൽ ഒരു തരത്തിലുള്ള സാമ്പത്തിക സഹായവും കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കാതെ വരും.
- കേരള സർക്കാരിന്റെ കടമെടുപ്പ് പരിധി ഊർജ മേഖലയിലെ പരിഷ്ക്കാരങ്ങളുമായി ബന്ധപ്പെടുത്തിയിരിക്കുന്നതിനാൽ പദ്ധതി നടത്തിപ്പിലെ പരാജയം സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയെ ബാധിക്കുകയും കേരളത്തിന് ലഭിക്കേണ്ടുന്ന മറ്റു ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്ന സാഹചര്യം സൃഷ്ടിക്കുകയും ചെയ്യും..

25. KSEB എഞ്ചിനീയേഴ്സ് അസോസിയേഷൻ എന്തുകൊണ്ടാണ് സ്മാർട്ട് മീറ്റർ പദ്ധതി TOTEX മാതൃകയിൽ തന്നെ നടപ്പാക്കണം എന്ന് ആവശ്യപ്പെടുന്നത് ?

1954-ൽ KSEBL ഒരു ഡിപ്പാർട്ട്മെന്റ് ആയിരിക്കെ രൂപം കൊണ്ടതാണ് കെ.എസ്.ഇ.ബി എഞ്ചിനീയേഴ്സ് അസോസിയേഷൻ.

പിന്നീട് 1957-ൽ ബോർഡ് ആയപ്പോഴും 2013-ൽ കമ്പനി ആയപ്പോഴും നാളിതുവരെയും KSEBL-ന്റെ നല്ല ഭാവിക്കു വേണ്ടി മാത്രമാണ് എഞ്ചിനീയേഴ്സ് അസോസിയേഷൻ നിലകൊള്ളുന്നത്. KSEBL-ലെ ടെക്നിക്കൽ എഞ്ചിനീയർമാർ അംഗങ്ങളായ എഞ്ചിനീയേഴ്സ് അസോസിയേഷൻ 2017-ൽ കേന്ദ്ര സർക്കാർ കൊണ്ടുവന്ന സ്മാർട്ട് മീറ്റർ പദ്ധതി 60% ഗ്രാന്റോടുകൂടി UDAY പദ്ധതിയെ പിന്തുണയ്ക്കുകയും അത് നടപ്പാക്കണമെന്ന് മാനേജ്മെന്റിനോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. എന്നാൽ ആ പദ്ധതി നടപ്പായില്ല. അന്ന് 60% ഗ്രാന്റോടുകൂടി പദ്ധതി നടപ്പിലാക്കിയിരുന്നെങ്കിൽ ഇത്തരത്തിലുള്ള എതിർപ്പുകൾ ഒഴിവാക്കാമായിരുന്നു. ഇന്നിപ്പോൾ RDSS പദ്ധതിയുടെ കീഴിൽ ഒരിക്കൽ കൂടി സ്മാർട്ട് മീറ്റർ പദ്ധതി നടപ്പാക്കാൻ അവസരം കിട്ടിയിട്ട് പോലും എതിർപ്പ് തുടരുന്നു. കേന്ദ്ര സർക്കാർ ഗ്രാന്റ് തുക 60% നിന്നും 15% മായി കുറച്ചിരിക്കുന്നു. ഇപ്പോൾ സ്മാർട്ട് മീറ്ററിനോട് പൊതുവെ അനുകൂല നിലപാടാണെങ്കിലും TOTEX മാതൃകയിൽ നടപ്പാക്കുന്ന തിനോടാണ് എതിർപ്പ്. എന്നാൽ എഞ്ചിനീയേഴ്സ് അസോസിയേഷൻ TOTEX മോഡിലിനെ കാണുന്നത് വളരെ മെച്ചപ്പെട്ട സാമ്പത്തിക രീതിയായിട്ടാണ്. KSEBL ന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധിയിൽ ഒരു ധനകാര്യ സ്ഥാപനങ്ങളും ലോൺ തരാൻ തയ്യാറാവില്ല. KIIFB പോലെയുള്ള സ്ഥാപനങ്ങൾ വൻ പലിശ നിരക്കാണ് ഈടാക്കുന്നത്. അതിനാൽ തന്നെ ഇനി ഭീമമായ വായ്പകൾ എടുത്തു സ്ഥാപനത്തിന്റെ നാശത്തിന് വഴിതെളിക്കുന്നത് നോക്കി നിൽക്കുവാൻ എഞ്ചിനീയേഴ്സ് അസോസിയേഷന് ആവില്ല.

അതുകൊണ്ടാണ് TOTEX മാതൃകയിൽ സുതാര്യതയൊടുകൂടി യുള്ള ടെൻഡർ നടപടികളിലൂടെ കണ്ടെത്തുന്ന സ്ഥാപനങ്ങളെ കൊണ്ട് നിക്ഷേപം നടത്തി, കിട്ടുന്ന അധിക വരുമാനത്തിൽ നിന്നും ഒരു ഭാഗം മാത്രം അവർക്കു നൽകി പദ്ധതി നടപ്പാക്കുന്ന രീതിയോട് എഞ്ചിനീയേഴ്സ് അസോസിയേഷൻ അനുകൂലിക്കുന്നത്. നമ്മുടെ സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിനുള്ള അവസാന പോംവഴിയായാണ് ഇതിനെ കാണുന്നത്. അതുകൊണ്ടു തന്നെ KSEBL-ലെ ജീവനക്കാർ ഈ വസ്തുതകൾ മനസ്സിലാക്കി പദ്ധതിക്കെതിരായി ദുരുദ്ദേശപരമായി നടത്തുന്ന പ്രചരണങ്ങളെ അവഗണിച്ചു സ്ഥാപനത്തിൽ നല്ല മാറ്റങ്ങൾ കൊണ്ട് വരുന്ന സ്മാർട്ട് മീറ്റർ പോലുള്ള പദ്ധതികളെ അനുകൂലിക്കണമെന്നും വരും തലമുറകൾക്കും കൂടിയായി നമ്മുടെ സ്ഥാപനത്തിനെ നിലനിർത്തു ന്നതിനുള്ള യജ്ഞത്തിൽ പങ്കാളികൾ ആകണമെന്നും അഭ്യർത്ഥിക്കുന്നു.

കെ.എസ്.ഇ.ബി. എഞ്ചിനീയേർസ് അസോസ്സിയേഷൻ

എഞ്ചിനീയേർസ് ഹൗസ്, ടി.സി. 26/1300, പനവിള, തിരുവനന്തപുരം – 695 001

ഫോൺ: 0471 – 2330696, ഫാക്സ് : 0471 – 2330853

ഇ–മെയിൽ: ksebea@gmail.com, web: www.ksebea.in